## പതിമൂന്നാം കേരളനിയമസഭ

## ഏഴാം സമ്മേളനം

**നക്ഷ്ത്രചിഹ്നമിടാത്ത ചോദ്യം : 2269        13.02.2013 ൽ മറുപടിയ്ക്ക്**

## അനെർട്ട് വഴി നടപ്പിലാക്കുന്ന പദ്ധതികൾ

**ചോദ്യം**

ശ്രീ. റ്റി. വി. രാജേഷ്

സംസ്ഥാനത്ത് ഊർജ്ജ പ്രതിസന്ധി പരിഹരിക്കുന്നതിന് അനെർട്ട് വഴി എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കി കൊണ്ടിരിക്കുന്നത്; വിശദാംശം നൽകാമോ?

**ഉത്തരം**

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി)

സംസ്ഥാനം നേരിടുന്ന ഊർജ്ജപ്രതിസന്ധി പരിഹരിക്കുന്നതിന് താഴെ പറയുന്ന വിവിധ പാരമ്പര്യേതര ഊർജ്ജ പദ്ധതികളാണ് അനെർട്ട് വഴി ആവിഷ്ക്കരിച്ചു നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്.

1) കേരളത്തിൽ ഒരു കിലോവാട്ട് സ്ഥാപിത ശേഷിയുള്ള 10000 ഓഫ്ഗ്രിഡ് റൂഫ്ടോപ്പ് സോളാർ പവർപ്ലാന്റുകൾ (കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ധനസഹായത്തോടെ അനെർട്ട് നടപ്പിലാക്കുന്ന ഈ പദ്ധതി ഫെബ്രുവരി 11-ാം തീയതി ഉദ്ഘാടനം ചെയ്യപ്പെട്ടു.)

2) ഒരു ബൾബിനു പകരം ഒരു സൂര്യ റാന്തൽ എന്ന സന്ദേശത്തോടെ സംസ്ഥാനത്ത് 28000 സൂര്യറാന്തലുകൾ അനെർട്ട് വിതരണം ചെയ്തുവരുന്നു.

3) സ്വകാര്യ സംരംഭകർ വഴി കാറ്റാടിപ്പാടം സ്ഥാപിക്കുന്ന നയപ്രകാരം പാലക്കാട് കഞ്ചിക്കോട് കിൻഫ്ര പാർക്കിൽ 22 MW ശേഷിയുള്ള കാറ്റാടി വൈദ്യുതി നിലയം ഇനോക്സ് റിന്യൂവബിൾ ലിമിറ്റഡ് സ്ഥാപിക്കുന്നതാണ്.

4) കാറ്റാടിപ്പാടങ്ങൾ വഴി 200MW വൈദ്യുതി അധികമായി ഉത്പാദിപ്പിക്കുന്നതിന് എൻ.റ്റി.പി.സിയുമായി സംസ്ഥാന സർക്കാർ ധാരണാപത്രം ഒപ്പുവച്ചിട്ടുണ്ട്. ഇതിന്റെ ആദ്യഘട്ടമായി ഇടുക്കി ജില്ലയിൽ സർക്കാർ അനെർട്ടിന് കൈമാറിയിട്ടുളള 149.1053 ഹെക്ടർ സ്ഥലത്ത് 20 MW ശേഷിയുളള കാറ്റാടിപ്പാടം സ്ഥാപിക്കുന്നതിന് എൻ.റ്റി.പി.സി യ്ക്ക് അനുമതി നൽകാൻ ധാരണയായിട്ടുണ്ട്.

5) തെരെഞ്ഞെടുക്കപ്പെട്ട 14 മുനിസിപ്പാലിറ്റികളിൽ 1400 എൽ.ഇ.ഡി സൗരതെരുവുവിളക്കുകൾ അനെർട്ട് വഴി ഈ വർഷം സ്ഥാപിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ